(ബി) ദേശീയപാതാ വിഭാഗത്തിന് കീഴിൽ ആരംഭിച്ച പദ്ധതികളുടെ വിവരം അനുബന്ധം എ ആയും കെട്ടിടവിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികളുടെ പേരും എസ്റ്റിമേറ്റ് തുകയും അനുബന്ധം ബി ആയും ചേർത്തിരിക്കുന്നു.*

പരപ്പനങ്ങാടി-അരീക്കോട് പാതയിലെ ഗതാഗതതടസ്സം

167 (2267) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരപ്പനങ്ങാടി-അരീക്കോട് സംസ്ഥാന പാതയിൽ തോട്ടശ്ശേരിയറ യിൽ വെള്ളക്കെട്ടും റോഡുതകർച്ചയുംമൂലം ഗതാഗത തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തോട്ടശ്ശേരിയറയിലെ ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും അഴുക്കു ചാലിന്റെയും, റോഡിന്റെയും ഘടനയിൽ മാറ്റം വരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) തോട്ടശ്ശേരിയറ ഇല്ലത്തുമാട് റോഡിലും അനുബന്ധ റോഡിലും വെള്ളക്കെട്ടു നിവാരണത്തിനും നവീകരണം പാച്ച് വർക്ക് മുതലായവ ചെയ്യുന്ന നടപടികൾ എടുത്തിട്ടുണ്ട്.

നൂറാടിപ്പാലം അപ്രോച്ച് റോഡ്

168 (2268) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം നൂറാടിപ്പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ഭൂമി വിട്ടുകൊടുത്തവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) കോടതി വിധി ഉണ്ടായിട്ടും അവാർഡ് പാസ്സാക്കി വസ്തു ഉടമകൾക്ക് നഷ്ടപരിഹാരംനൽകുവാനുള്ള കാലതാമസം എന്താണ് ;

(സി) തുക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നൂറാടിപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി വിട്ടു കൊടുത്തവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സർക്കാർ 606 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly